# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 4138

03.02.2014 - ൽ മറുപടിയ്ക്ക്

## പരിയാരം ആയുർവേദ കോളേജ് ആശുപത്രിയിലെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി. രാജേഷ് | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ പൂർത്തിയാക്കിയതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | കണ്ണൂർ, പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രിയിൽ പൂർത്തിയാക്കിയതും നടന്നുകൊണ്ടിരിക്കുന്നതും ഭരണാനുമതി ലഭ്യമായതുമായ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.<br><br>**നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ**<br><br>1. നഴ്സസ് ക്വോർട്ടേഴ്സ് നിർമ്മാണം<br>3 ബ്ലോക്ക് നഴ്സസ് ക്വാർട്ടേഴ്സുകളുടെ (18 എണ്ണം) നിർമ്മാണം പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ച് ആയതിന്റെ നമ്പറും ഇലക്ട്രിസിറ്റി കണക്ഷനും ലഭിച്ചിട്ടുണ്ട്. ഔദ്യോഗിക ഉദ്ഘാടനം നടത്തി ഉടനേ താമസക്കാർക്ക് അനുവദിക്കുന്നതാണ്.<br>2. എക്സ്റേ കെട്ടിട നിർമ്മാണം<br>സിവിൽ ഇലക്ട്രിക്കൽ ജോലികൾ ഉൾപ്പെടെയുള്ള എക്സ്റേ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഔദ്യോഗികമായി കെട്ടിടം കൈമാറേണ്ടതുണ്ട്. |

## നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവ

1. കേന്ദ്ര ഗ്രാന്റ് ഇൻ എയ്ഡ് വിനിയോഗിച്ചുള്ള ലേഡീസ് ഹോസ്റ്റലിന്റെ അധിക നിലയുടെ നിർമ്മാണം

നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് സിവിൽ ജോലികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ്, മരപ്പണികൾ എന്നീ ജോലികൾ അവശേഷിക്കുന്നുണ്ട്.

2. സീവേജ് പ്ലാന്റ് നിർമ്മാണം

നിർവ്വഹണ ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ്, സീവേജ് പ്ലാന്റിന്റെ ഗ്രൗണ്ട് വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം അവസാനത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് കരുതുന്നു.

## ഭരണാനുമതി ലഭ്യമായവ

1. ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ക്വാർട്ടേഴ്സ് നിർമ്മാണം

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്ന 4210-03-101-879 (അധിക കേന്ദ്ര സഹായം) ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിച്ചുള്ള പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് 4.2.2012 തീയതി നിശ്ചയിച്ച് റീ-ടെന്റർ ക്ഷണിച്ചിട്ടുണ്ട്.

2. മെഡിസിൻ സ്റ്റോർ നിർമ്മാണം

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്ന 4210-03-101-879 (അധിക കേന്ദ്ര സഹായം) ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിച്ചുള്ള പ്രസ്തുത നിർമ്മാണത്തിനുള്ള ടെന്റർ

നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

3. മെൻസ് ഹോസ്റ്റലിന്റെ അധികനില നിർമ്മാണം.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്ന 4210-03-101-879 (അധിക കേന്ദ്ര സഹായം) ശീർഷകത്തിൽ നിന്നുമുള്ള തുക വിനിയോഗിച്ചുള്ള പ്രസ്തുത നിർമ്മാണത്തിനുള്ള ടെന്റർ അംഗീകരിച്ചിട്ടുണ്ട്. ഉടൻതന്നെ എഗ്രിമെന്റ് തയ്യാറാക്കി കോൺട്രാക്ടറെ ജോലി ഏൽപ്പിക്കുന്നതാണ്.

4. പ്ലേ ഗ്രൗണ്ട് നിർമ്മാണം

ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. ഉടൻതന്നെ കോൺട്രാക്ടറെ ജോലി ഏൽപ്പിക്കുന്നതാണ്.

| | |
|---|---|
| (ബി) പ്രസ്തുത കോളേജിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുടങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ? | (ബി) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ഉടൻതന്നെ സമർപ്പിക്കുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയത് സമർപ്പിച്ചാലുടൻ തന്നെ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ